# കേരള കാർഷിക സർവ്വകലാശാല
# കൊക്കോ ഗവേഷണകേന്ദ്രം, വെള്ളാനിക്കര

CRC /32/2023 തീയതി. 18/08/2025

## കൊട്ടേഷൻ/ലേല പരസ്യം

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കൊക്കോ ഗവേഷണകേന്ദ്രം, വെള്ളാനിക്കരയിലെ മരത്തടികൾ (12 എണ്ണം) 08/09/2025 ന് ഉച്ചയ്ക്ക് 03.00 മണിക്ക് കൊക്കോ ഗവേഷണകേന്ദ്രം, വെള്ളാനിക്കരയിൽ വച്ച് പരസ്യമായി ലേലം ചെയ്തും /കൊട്ടേഷൻ സ്വീകരിച്ചും വിൽക്കുന്നതാണ്.

**വ്യവസ്ഥകൾ**

1. കൊട്ടേഷൻ /ലേലത്തിൽ പങ്കെടുക്കുന്നവർ നിർബന്ധമായും ഫോട്ടോ പതിച്ച നിയമപരമായ തിരിച്ചറിയൽ രേഖകളിലേതെങ്കിലും കൊണ്ടുവരേണ്ടതാണ്. കൊണ്ടുവരാത്തപക്ഷം ലേലം കൊട്ടേഷനിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല.

2. കൊട്ടേഷൻ ലേലത്തിൽ പങ്കെടുക്കുന്നതിന് ലേല ദിവസം (08/09/2025) ന് നിരതദ്രവ്യം 2000/- (രണ്ടായിരം രൂപ മാത്രം) പണമായി ഈ ഓഫീസിൽ ഉച്ചയ്ക്ക് 02.30 മണിക്ക് മുമ്പേ അടക്കേണ്ടതാണ്. നിരതദ്രവ്യം കെട്ടിവച്ചവരെ മാത്രമേ കൊട്ടേഷൻ/ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുകയുള്ളൂ.

3.ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ സീൽ ചെയ്ത കവറിൽ നിശ്ചിത സമയത്തിന് മുമ്പായി, കൊട്ടേഷൻ ഓഫീസിലെത്തിക്കുകയോ, പരസ്യലേലത്തിൽ പങ്കെടുക്കുകയോ ചെയ്യേണ്ടതാണ്.

4.നിശ്ചിത തീയതിക്കും സമയത്തിനും ശേഷം ലഭിക്കുന്നതും, വ്യക്തമല്ലാത്തതുമായ കൊട്ടേഷനുകൾ നിരസിക്കുന്നതായിരിക്കും. പൂരിപ്പിച്ച കൊട്ടേഷനുകൾ സമർപ്പിക്കേണ്ട അവസാന തീയതി 08/09/2025 ഉച്ചയ്ക്ക് 02.30 മണി വരെയാണ്.

5. കൊട്ടേഷനുകൾ, പ്രൊഫസർ & ഹെഡ്, കൊക്കോ ഗവേഷണകേന്ദ്രം, വെള്ളാനിക്കര എന്ന വിലാസത്തിൽ ആയിരിക്കണം സമർപ്പിക്കേണ്ടത്. കൊട്ടേഷൻ അയക്കുന്ന കവറിനു പുറത്ത് '12 മരത്തടികൾക്കുള്ള കൊട്ടേഷൻ' എന്ന് എഴുതിയിരിക്കണം. 12 മരത്തടികളുടേയും ആകെ തുകയാണ് കൊട്ടേഷനിൽ കാണിക്കേണ്ടത്.

6.ലേലത്തിൽ ഏറ്റവും കൂടുതൽ സംഖ്യയ്ക്ക് വിളിക്കുന്ന ആളുടെ പേരിലോ, ലേലത്തിനു ശേഷം തുറക്കുന്ന കൊട്ടേഷനിൽ ഏറ്റവും കൂടുതൽ തുക കാണിച്ചിരിക്കുന്ന വ്യക്തിയുടെ പേരിലോ ഇവയിൽ അധിക തുക്ക് ലേലം കൊട്ടേഷൻ ഉറപ്പിക്കുന്നതും ടിയാൻ ലേലം കൊട്ടേഷൻ തുകയുടെ 1/3 ഭാഗം അന്നേ ദിവസം തന്നെ ഓഫീസിൽ അടയ്ക്കേണ്ടതും ബാക്കി തുക 7 ദിവസത്തിനകം (15/09/2025) തിയ്യതിക്ക് മുമ്പായി) അടച്ച് മരം മുറിയ്ക്കാനുള്ള അനുവാദം വാങ്ങേണ്ടതുമാണ്.

7.ലേലം കൊട്ടേഷൻ ലഭിക്കുന്ന വ്യക്തി 7 ദിവസത്തിനകം (15/09/2025) സെക്യൂരിറ്റി നിക്ഷേപമായി ലേല തുകയുടെ 5 ശതമാനം ഓഫീസിൽ അടച്ച് രശീത് കൈപ്പറ്റേണ്ടതാണ്.

8. ലേല സംഖ്യക്കു പുറമേ ലേലസംഖ്യയുടെ 5% വനവികസന നികുതിയും (എഫ് ഡി ടി), കൊട്ടേഷൻ പിടിച്ച ആൾ 15/09/2025 തിയ്യതിക്ക് മുൻപ് അടയ്ക്കേണ്ടതാണ്.

9. നിശ്ചിത സമയത്തിനകം തുക (എല്ലാ വിധ നികുതി ഉൾപ്പെടെ) പൂർണ്ണമായി അടക്കുന്നതിൽ വീഴ്ചവരുത്തുന്ന പക്ഷം ലേലം അസാധുവാക്കുന്നതിനും അടച്ച തുക സർവ്വകലാശാലക്ക് കണ്ടുകെട്ടുന്നതിനും പുനർലേലം നടത്തുന്നതിനുമുള്ള അധികാരവും കൊക്കോ ഗവേഷണ കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമായിരിക്കും.

10.നികുതി ഉൾപ്പെടെയുള മുഴുവൻ ലേലത്തുകയും കൊക്കോ ഗവേഷണകേന്ദ്രം, വെള്ളാനിക്കരയിൽ അടച്ചതിന് ശേഷം മാത്രമേ മരങ്ങൾ മുറിച്ചു മാറ്റാൻ അനുവദിക്കുകയുള്ളൂ. കൊട്ടേഷൻ ലഭിച്ചാൽ 30 ദിവസത്തിനകം സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും തടികൾ കൊണ്ടു പോകേണ്ടതാണ്.

11. പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ മാത്രമേ തടികൾ കൊണ്ടുപോകുവാൻ അനുവദിക്കുകയുള്ളൂ. തടികൾ ഗേറ്റ് പാസ് ഹാജരാക്കി ആയിരിക്കണം കൊണ്ടുപോകേണ്ടത്.

12.തടികൾ കൊണ്ടുപോകേണ്ടത് കൊക്കോ ഗവേഷണകേന്ദ്രത്തിലെ ഫാമിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലായിരിക്കണം. തടികൾ കൊണ്ടു പോകുമ്പോൾ ചുറ്റുപാടുമുള്ള സ്ഥാവരജംഗമ വസ്തുക്കൾക്ക് യാതൊരുവിധത്തിലുള്ള നാശനഷ്ടങ്ങൾ ഉണ്ടാകാൻ പാടുള്ളതല്ല.

Dr. Aswini A.

Dr. Aswini A.

13. ഏതെങ്കിലും വിധത്തിൽ യൂണിവേഴ്സിറ്റിക്ക് നാശനഷ്ടങ്ങൾ ഉണ്ടാകുന്ന പക്ഷംഅതിന്റെ പൂർണ്ണമായ ഉത്തരവാദിത്തം ലേലം / കൊട്ടേഷൻ ഉറപ്പിച്ച് കിട്ടിയആളിന്റേതായിരിക്കുകയും, ഈ സാഹചര്യത്തിൽ പ്രൊഫസർ & ഹെഡ് നിശ്ചയിക്കുന്ന നഷ്ടപരിഹാരം അടയ്ക്കുവാൻ ലേലം/ക്വൊട്ടേഷൻ ഉറപ്പിച്ച് കിട്ടിയ ആൾ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

14.യൂണിവേഴ്സിറ്റിക്ക് നാശനഷ്ടങ്ങൾ ഉണ്ടാക്കാതെ തടികൾ പൂർണ്ണമായി നീക്കം ചെയ്തതിനു ശേഷം നിരതദ്രവ്യവും സെക്യൂരിറ്റി ഡെപ്പോസിറ്റും തിരികെ നൽകുന്നതാണ്. ഇതിന് വേണ്ടി രശീതിയോടൊപ്പം അപേക്ഷ സമർപ്പിക്കണം.

15. ലേലം/ കൊട്ടേഷൻ സംബന്ധിച്ചിടത്തോളം, ഏതൊരു കാര്യത്തിനും അന്തിമതീരുമാനം കൈകൊള്ളുന്നതിനുള്ള അധികാരം പ്രൊഫസർ & ഹെഡ്, കൊക്കോ ഗവേഷണകേന്ദ്രം, വെള്ളാനിക്കരയിൽ നിക്ഷിപ്തമാണ്.

16. ഏതെങ്കിലും അവിചാരിതമായ കാരണത്താൽ ലേലം/ക്വൊട്ടേഷൻ ദിവസം അവധി ദിവസമായി വരികയാണെങ്കിൽ ലേലം/ക്വൊട്ടേഷൻ അടുത്ത പ്രവർത്തി ദിവസം നിശ്ചിത സമയത്തുതന്നെ നടത്തുന്നതാണ്.

17. ലേലം മാറ്റി വയ്ക്കുന്നതിനോ ഉറപ്പിക്കുന്നതിനോ / റദ്ദാക്കുന്നതിനോ ഉള്ള അധികാരം പ്രൊഫസർ & ഹെഡ്, കൊക്കോ ഗവേഷണകേന്ദ്രം, വെള്ളാനിക്കരയിൽ നിക്ഷിപ്തമായിരിക്കും.

18. ലേലം/ക്വൊട്ടേഷനിൽ വച്ചിട്ടുള്ള മരങ്ങൾ പരിശോധിക്കുവാൻ വെള്ളാനിക്കരയിലെ ഫാം ഓഫിസുമായി ബന്ധപ്പെടേണ്ടതാണ്.

കൊക്കോ ഗവേഷണകേന്ദ്രം,

19. സർക്കാരിൻറെ ലേല/ ക്വട്ടേഷൻ വ്യവസ്ഥകൾ എല്ലാം ഈ ലേല നടപടികൾക്കും ബാധകമാണ്

20. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

ഫോൺ നമ്പർ : 04872438451

പ്രൊഫസർ & ഹെഡ്

കൊക്കോ ഗവേഷണകേന്ദ്രം

Professor & Head
Cocoa Research Centre
Kerala Agricultural University
KAU P O -680 656
Vellanikkara, Thrissur

പകർപ്പ്

1. നോട്ടീസ് ബോർഡ്, കൊക്കോ ഗവേഷണകേന്ദ്രം, വെള്ളാനിക്കര – KAU PO –680 656
2. ഫാം ഓഫീസ്, സി. ആർ. സി, വെള്ളാനിക്കര
3. ഹോർട്ടിക്കൾച്ചർ കോളേജ്, വെള്ളാനിക്കര, നോട്ടീസ് ബോർഡ്
4. ഗ്രാമപഞ്ചായത്ത് ഓഫീസ്, മാടക്കത്തറ
5. കൃഷിഭവൻ, മാടക്കത്തറ
6. വില്ലേജ് ഓഫീസ്, മാടക്കത്തറ
7. പി വി എൻ എം യു, നോട്ടീസ് ബോർഡ്
8. കെ എ യു വെബ്സൈറ്റ്